# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2594

9.7.2015 – ൽ മറുപടിയ്ക്ക്

## കയർ വകുപ്പിൻ കീഴിലെ പദ്ധതികൾ

| ചോദ്യം<br>ശ്രീ. എ.എം.ആരിഫ് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കയർ വകുപ്പിൻ കീഴിൽ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കാൻ കഴിയാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) 2011-12 വർഷത്തിൽ ബജറ്റിൽ പ്രഖ്യാപിച്ച 'കയർ തൊഴിലാളികൾക്ക് നേരിട്ടുള്ള ധനസഹായധനം' പദ്ധതി, 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 'മാതൃക കയർ ഗ്രാമം' സ്ഥാപിക്കൽ എന്ന പദ്ധതിയും, 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച കയർ കയറ്റുമതി സംസ്കരണ പാർക്ക് സ്ഥാപിക്കൽ, CIAL മാതൃകയിൽ അന്തർദേശീയ നിലവാരമുള്ള ഒരു സ്ഥിരം എക്സിബിഷൻ സെന്റർ, കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നോവേഷൻ ഫണ്ട്, നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ്സ് സംരംഭങ്ങളെ സഹായിക്കുന്നതിനായി കയർ ഇൻകുബേഷൻ സെൽ രൂപീകരിക്കൽ, എന്നീ പദ്ധതികളും നടപ്പിലാക്കാൻ കഴിഞ്ഞില്ല. |
| ബി) ഇതിനുള്ള കാരണങ്ങൾ എന്തായിരുന്നു.? | (ബി) മേൽ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>2011-12 കയർ തൊഴിലാളികൾക്ക് നേരിട്ടുള്ള ധനസഹായ ധനം</u>**<br><br>2011-12 വർഷത്തിൽ കയർതൊഴിലാളികൾക്ക് നേരിട്ടുള്ള ധനസഹായം പദ്ധതിക്കായി 2851-00-106-64 ശീർഷകത്തിൽ വകയിരുത്തിയ 50 ലക്ഷം രൂപ, ഏകദേശം 66000 വരുന്ന കയർ തൊഴിലാളികളുടെ പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി 2851 -00-106-93(പി) ശീർഷകത്തിലേക്ക് (കയർ തൊഴിലാളി ക്ഷേമപദ്ധതിയ്ക്കുള്ള സഹായം) റീഅപ്രോപ്രിയേറ്റ് ചെയ്ത് അതേ ആവശ്യത്തിനായി വിനിയോഗിച്ചു. |

| | | |
|---|---|---|
| | **2012–13** | **മാതൃക കയർ ഗ്രാമം സ്ഥാപിക്കൽ**<br>2012–13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'മാതൃക കയർ ഗ്രാമം' സ്ഥാപിക്കുന്നതിനായി കെ എസ് ഐ ഡി സി യുടെ കൈവശമുള്ള 6.64 ഹെക്ടർ ഭൂമി ഇതിന്റെ വില നൽകും എന്ന വ്യവസ്ഥയിൽ സർക്കാർ അനുമതി നൽകിയിരുന്നു (സ ഉ(കൈ) 284/2013/ റവന്യൂ തീയതി 27.06.13). കെ എസ് ഐ ഡി സി യിൽ നിന്നും ഭൂമിയുടെ വില, മറ്റ് വിവരങ്ങൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| | **2013–14** | **കയർ കയറ്റുമതി സംസ്കരണ പാർക്ക്**<br>2013–14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന കയർ കയറ്റുമതി സംസ്ക്കരണ പാർക്കിന് 2013–14 വർഷം തുക വകയിരുത്തിയിരുന്നില്ല. പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കായി 5 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിൻ പ്രകാരം 495.16 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. എന്നാൽ ഉപധനാഭ്യർത്ഥന പ്രകാരം തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലായില്ല. 2014 – 15 വർഷം മേൽ പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നുവെങ്കിലും തുക റീലിസ് ചെയ്യാത്തതിനാൽ പദ്ധതി നടപ്പിലായില്ല<br>**കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്ഥിരം എക്സിബിഷൻ സെന്റർ.**<br>2013–14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഈ പദ്ധതിക്ക് 2013–14 ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. 2013–14 ബഡ്ജറ്റ് പ്രസംഗത്തിൽ എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള സംരംഭം ആരംഭിക്കുന്നതിന് 1 കോടി രൂപ |

| | |
|---|---|
| | വകയിരുത്തിയിരുന്നു. സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br>**കയർ മേഖലയിൽ നൂതനാശയങ്ങൾ പ്രയോജന പ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നോവേഷൻ** ഫണ്ട്, **നൂതന ഉൽപ്പന്നങ്ങൾനിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി കയർ ഇൻകുബേഷൻ സെൽ** രൂപീകരിക്കുന്നതാണെന്നും 2013–14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതിനായി 2013–14 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 20 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി എന്നാൽ ഉപ ധനാഭ്യർത്ഥന പ്രകാരം തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു വെങ്കിലും ആയത് ലഭിച്ചില്ല. 2014 – 15 വർഷം മേൽ പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നുവെങ്കിലും തുക റീലിസ് ചെയ്യാത്ത തിനാൽ പദ്ധതി നടപ്പിലായില്ല. |

സെക്ഷൻ ഓഫീസർ